വിജ്ഞാപനം

2026-27 സാമ്പത്തിക വർഷത്തെ ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള 'ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ്" ഫോർ മൈനോറിറ്റീസ്" അപേക്ഷകൾ ക്ഷണിക്കുന്നു

2026-27 അദ്ധ്യയന വർഷത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യുജിസി) അംഗീകരിച്ച എല്ലാ സർവ്വകലാശാലകളിലും/സ്ഥാപനങ്ങളിലും റെഗുലർ/ഫുൾടൈം ഗവേഷണം ചെയ്യുന്ന കേരളീയർ ആയ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗങ്ങളും) സിഖ്, ബുദ്ധ, ജൈന, പാഴ്സി) വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി **'ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെലോഷിപ്പ് ഫോർ മൈനോറിറ്റീസ്" സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു.**

മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ റിന്യൂവൽ അപേക്ഷകൾക്കായിരിക്കും മുൻഗണന നൽകുക. ഇത്തരം അപേക്ഷകർ തീർപ്പാക്കിയ ശേഷമേ പുതിയ അപേക്ഷകൾ പരിഗണിക്കുകയുള്ളൂ.

പ്രതിമാസം ₹20,000 രൂപ വീതം ഒരു വർഷത്തേക്ക് ഒറ്റതവണയായി 2,40,000/- രൂപ ഫെലോഷിപ്പായി അനുവദിക്കുന്നു.

അപേക്ഷകർ കേന്ദ്ര/സംസ്ഥാന സർക്കാരിന്റെയോ സർവ്വകലാശാലകളുടെയോ ഫെലോഷിപ്പുകളോ മറ്റു സഹായമോ ലഭിക്കാത്ത ഗവേഷണ വിദ്യാർത്ഥികൾ ആയിരിക്കണം.

2025-26 അധ്യയന വർഷത്തിൽ ഫെലോഷിപ്പ് ലഭിച്ച ഗവേഷകർ, നിശ്ചിത അക്കാദമിക പുരോഗതിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം, തുടർന്നുള്ള വർഷങ്ങളിൽ ഫെലോഷിപ്പ് പുതുക്കുന്നതിനായി വീണ്ടും അപേക്ഷിക്കേണ്ടതാണ് .

അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്ന വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള റെഗുലർ/ഫുൾടൈം ഗവേഷണ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്.

ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നല്കുന്നതാണ്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കും.

30% ഫെലോഷിപ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്തപക്ഷം അർഹരായ ആൺകുട്ടികളേയും ഫെലോഷിപ്പിന് പരിഗണിക്കുന്നതാണ്.

5% ഫെലോഷിപ് ഭിന്നശേഷിക്കാർക്ക് (PwD), സംവരണം ചെയ്തിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽ പെട്ട അപേക്ഷകരില്ലാത്ത പക്ഷം പൊതു വിഭാഗത്തിലുള്ള അപേക്ഷകരെ പരിഗണിക്കുന്നതായിരിക്കും.

File No. MWD/494/2026-S (Computer No. 217440)

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:25 PM

ഒരു കുടുംബത്തിൽ നിന്നും ഒരാൾക്ക് മാത്രമേ ഫെലോഷിപ് അനുവദിക്കുകയുള്ളു.

അപേക്ഷരുടെ പരമാവധി പ്രായം വിജ്ഞാപന തീയതി അനുസരിച്ചു 40 വയസ്സിൽ താഴെയായിരിക്കണം.

റിസർച്ച് സ്കോളർ ആയി പ്രവേശനം നേടുന്ന തീയതി മുതൽ അഞ്ചു വർഷ കാലയളവിനുള്ളിൽ ഏതെങ്കിലും മൂന്നു വർഷത്തേക്ക് പട്ടിക 1.1-ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചു ഫെലോഷിപ് അനുവദിക്കുന്നത്. ആറു മാസം കൂടുമ്പോൾ ബന്ധപ്പെട്ട ഗൈഡിൽ നിന്നും അറ്റൻഡൻസ് & പ്രോഗ്രസ് റിപ്പോർട്ട് ഒപ്പിട്ട് വാങ്ങി സ്ഥാപന മേധാവി മുഖേന സമർപ്പിക്കേണ്ടതാണ്.

ഗവേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് യൂണിവേഴ്സിറ്റി നൽകുന്ന തീസിസ് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, PhD ഡിഗ്രി സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്. അപേക്ഷരുടെ ബാഹുല്യത്തിനും, അലോട്ട്മെന്റ് ലഭ്യതയ്ക്കും അനുസരിച്ച് സ്കോളർഷിപ്പ് നിജപ്പെടുത്തുന്നതിന് അക്കാഡമിക് മെരിറ്റിന്റെ (അടിസ്ഥാന കോഴ്സ്) അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുന്നതാണ്.

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ :</u>

1. പൂരിപ്പിച്ച അപേക്ഷ ഫോം
2. എസ്.എസ്.എൽ.സി., ബിരുദം, ബിരുദാനന്തര ബിരുദ മാർക്ക് ലിസ്റ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്(അക്കൗണ്ട് നമ്പർ, ബ്രാഞ്ച്, IFSC ഉൾപ്പെടെ)
4. ആധാർ കാർഡ് പകർപ്പ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ന്യൂനപക്ഷ/സമുദായ സർട്ടിഫിക്കറ്റ്
7. വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ്
8. റേഷൻ കാർഡ് പകർപ്പ്
9. പി.എച്ച്.ഡി. അഡ്മിഷൻ/റജിസ്ട്രേഷൻ ലെറ്റർ
10. പട്ടിക (Table) 1.1 പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:25 PM

11. റിസർച്ച് ഗൈഡ്/റിസർച്ച് സൂപ്പർവൈസർ ഒപ്പിട്ട സർട്ടിഫിക്കറ്റ് (അനുബന്ധം 1 പ്രകാരം)

അപേക്ഷ സമർപ്പിക്കേണ്ട വിധം

1. ഉദ്യോഗാർത്ഥികൾ **www.mwdscholarship.kerala.gov.in** എന്ന ഔദ്യോഗിക വെബ്സൈറ്റ് വഴി ഓൺലൈൻ അപേക്ഷ പൂർത്തിയാക്കേണ്ടതാണ്.

- ഘട്ടം 1: വൺ-ടൈം രജിസ്ട്രേഷൻ (One-Time Registration) ലോഗിൻ വിവരങ്ങൾ (Login Credentials) സൃഷ്ടിക്കുന്നതിനായി ഔദ്യോഗിക പോർട്ടലിൽ വൺ-ടൈം രജിസ്ട്രേഷൻ പൂർത്തിയാക്കുക.

- ഘട്ടം 2: വ്യക്തിഗത-അക്കാദമിക വിവരങ്ങൾ സമർപ്പിക്കുക :അക്കൗണ്ടിലേക്ക് ലോഗിൻ ചെയ്ത ശേഷം, വ്യക്തിഗത വിവരങ്ങളും അക്കാദമിക യോഗ്യതകളും കൃത്യമായി രേഖപ്പെടുത്തുക.

- ഘട്ടം 3: രേഖകൾ അപ്ലോഡ് ചെയ്യുക.

2. അപേക്ഷ ഫോമിന്റെ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും **The Director, Directorate of Minority welfare, 4th floor, Vikas Bhavan, Thiruvananthapuram-695033 വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്.**

3. കേന്ദ്ര/സംസ്ഥാന സർക്കാരിന്റെയോ സർവ്വകലാശാലകളുടെയോ ഫെലോഷിപ്പുകളോ മറ്റു സഹായമോ ലഭിക്കാത്ത ഗവേഷണ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ആയതിനാൽ മറ്റു ഫെല്ലോഷിപ്പുകളൊന്നും ലഭിക്കുന്നില്ല എന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4. അപേക്ഷകർക്ക് IFSC കോഡുള്ള ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരിൽ ആധാർ ലിങ്ക് ചെയ്ത അക്കൗണ്ട് ഉണ്ടായിരിക്കണം. അപേക്ഷ സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതുമാണ്.

5. പട്ടിക 1.1 പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് സ്കോളർഷിപ്പ് തുക അനുവദിക്കുന്നതാണ്. പിന്നിടുള്ള ഗഡുക്കൾ അറ്റൻറ്റൻസ് & പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കും. ആറ് മാസം കൂടുമ്പോൾ ബന്ധപ്പെട്ട ഗൈഡിൽ നിന്നും അറ്റൻറ്റൻസ് & പ്രോഗ്രസ്സ് റിപ്പോർട്ട് ഒപ്പിട്ട് വാങ്ങി സ്ഥാപന മേധാവി മുഖേന സമർപ്പിക്കേണ്ടതാണ്.

അവസാന തീയതികൾ

a. **ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി : 30.11.2026**

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:25 PM

b. ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടും പട്ടിക 1.1 പ്രകാരമുള്ള അനുബന്ധ രേഖകളും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറിലേക്കു ഹാജരാക്കേണ്ട അവസാന തീയതി : 05.12.2026

5 വർഷം നീണ്ടു നിൽക്കുന്ന ഗവേഷണ കാലയളവിൽ 3 തവണ ആയിട്ടാണ് ഫെല്ലോഷിപ്പ് അനുവദിക്കുക.

രണ്ടും മൂന്നും തവണകൾ അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളിൽ എന്തെങ്കിലും ചേർക്കലുകൾ ഒഴിവാക്കലുകൾ ഉള്ള പക്ഷം വരും വർഷങ്ങളിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

പദ്ധതിയും അതിന്റെ നടത്തിപ്പും സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ ആയതിന്മേൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെലക്ഷൻ കമ്മിറ്റി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

Table 1-1

Duration of Fellowship

_	Sl No.	Phase	Criteria	Remarks
_	1.	I (1 st year)	Joining Report/ Registration for Ph.D, UGC CSIR NET score/percentile (excluding JRF), PhD only scores etc.	
_	2.	II (2 nd year)	Research Advisory Committee (RAC) Report, Course work completion report from supervisor/ guide /HoD	Students can only receive fellowship three
			Promotion to SRF	

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:25 PM

_	3.	III (3 rd year)	Report (on the basis of recommendation by a panel of three-guide, HoD and an external expert as in the case of UGC JRF to SRF assessment)	times during the tenure of PhD.
_	4.	4 th / 5 th year	Research Advisory Committee(RAC) Report, Paper Publishing inpeer-reviewed or Scopus-indexed journals.	

കുറിപ്പ് :

ഒരു വിദ്യാർത്ഥി ആദ്യവർഷത്തിൽ ഫെല്ലോഷിപ്പിന് അർഹത നേടുകയും, രണ്ടാംവർഷത്തിൽ അർഹത നേടാതിരിക്കുകയുമാണെങ്കിൽ, മൂന്നാംവർഷത്തേക്ക് അപേക്ഷിക്കുമ്പോൾ രണ്ടാംവർഷത്തിന്റെയും മൂന്നാംവർഷത്തിന്റെയും എല്ലാ നിബന്ധനകളും പാലിക്കേണ്ടതുണ്ട്. ഇതേ രീതി തുടർന്നുള്ള വർഷങ്ങൾക്കും ബാധകമായിരിക്കും.

DEVIDAS N IAS

DIRECTOR

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:25 PM

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:25 PM

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:25 PM